## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3001**.

**21-08-2017 ൽ മറുപടിയ്ക്ക്**

## പുഞ്ചകൃഷി - നെല്ല് സംഭരണത്തിലെ കുടിശ്ശിക

**ചോദ്യം**
ശ്രീ.അബ്ദുൽ ഹമീദ് പി.

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുഞ്ചകൃഷിയുടെ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര തുക നൽകാനുണ്ടെന്നറിയിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) & (ബി) | പുഞ്ചകൃഷിയുടെ നെല്ല് സംഭരിച്ച വകയിൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ പാഡി പേയ്മെന്റ് ഓഫീസിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് മുഴുവൻ തുകയും നൽകി കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പാഡി പേയ്മെന്റ് ഓഫീസുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് യഥാക്രമം 4.25 കോടി രൂപയും 0.50 കോടി രൂപയും 2.5 കോടി രൂപയും നൽകുവാൻ ബാക്കിയുണ്ട്. |
| (ബി) | പ്രസ്തുത തുക നൽകാത്തതുമൂലം നെൽകർഷകർ പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത കുടിശ്ശിക അടിയന്തരമായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ബാക്കി നൽകുവാനുള്ള തുക പി.ആർ.എസ്. ലോണിലൂടെ നൽകി വരുന്നു. 13-07-2017-ലെ G.O.(MS) No.16/2017/F&CSD നമ്പർ ഉത്തരവ് പ്രകാരം സപ്ലൈകോയും ബാങ്കുകളും തമ്മിൽ കരാർ നിലവിൽ വന്നതിനാൽ കർഷകർക്ക് നെല്ലിന്റെ വിലയിൽ കുടിശ്ശിക ഉണ്ടാവാൻ ഇനി മേലിൽ സാധ്യതയുണ്ടാവില്ല. |

**സെക്ഷൻ ഓഫീസർ**